# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4025 — 24.08.2017 ലെ മറുപടി

## മോര്യാകാപ്പ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.അബ്ദുറബ്ബ്: | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര ഗ്രാമ പഞ്ചായത്തിലെ മോര്യാകാപ്പ് കടിവെള്ള-കാർഷിക-ജലസേചന പദ്ധതി യുടെ നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പദ്ധതികളെ സംബന്ധിച്ച് ചേർന്ന 17.08.2017 ലെ അവലോകന യോഗത്തിൽ മോര്യകാപ്പ് കുടി വെള്ള - കാർഷിക ജലസേചന പദ്ധതിയ്ക്ക് വേണ്ടി വിശദമായി പഠനം നടത്തി പരമാവധി പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ഒരു സമഗ്ര പദ്ധതി തയ്യാറാക്കാൻ തീരുമാനിച്ചു. ഇതിനു വേണ്ടിയുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ആവശ്യകത അനുസരിച്ച് പദ്ധതി ഒരുമിച്ചോ രണ്ടു ഘട്ടങ്ങളിലായോ നടപ്പിലാക്കാനുള്ള സാദ്ധ്യത പരിശോധിക്കാനുള്ള നിർദ്ദേശവും നല്കുകയുണ്ടായി. |
| (ബി) മുൻ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയ ഈ പദ്ധതിയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ചെറുകിട ജലസേചന ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ എത്തിയ ശേഷമുണ്ടായ നടപടി ക്രമങ്ങൾ വിവരിക്കാമോ; | (ബി) സൂപ്രണ്ടിംഗ് എഞ്ചിനീയർ സമർപ്പിച്ച 5 കോടി രൂപയുടെ ഡി.പി.ആർ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചു. ചീഫ് എഞ്ചിനീയർ 23.01.2017 ൽ പദ്ധതി പ്രദേശം സന്ദർശിച്ച് കൂടുതൽ കൃഷി സ്ഥലങ്ങൾക്ക് പ്രയോജനപ്പെടുത്തും വിധം മോര്യാകാപ്പ് ജലാശയവും അനുബന്ധ തോടുകളും വികസിപ്പിക്കുന്ന തരത്തിൽ പദ്ധതി തയ്യാറാക്കാൻ നിർദ്ദേശിച്ചു. കൽ കെട്ട് പ്രസ്തുത സ്ഥലത്ത് (ചതുപ്പ് പ്രദേശം) പ്രായോഗികമല്ലാത്തതിനാൽ അത് ഒഴിവാക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് 10 കോടിയുടെ |

| | |
|---|---|
| | എസ്റ്റിമേറ്റ് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്താൻ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സമർപ്പിച്ചിരുന്നുവെങ്കിലും ലെറ്റർ ഓഫ് ക്രെഡിറ്റ് ഉള്ള വകുപ്പിലെ പ്രവർത്തിയായതിനാൽ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. |
| (സി) ഈ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**